**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5101** **04-07-2024 - ൽ മറുപടിയ്ക്ക്**

**തുല്യതാ കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പന്ത്രണ്ടാം തരത്തിലും പത്താം തരത്തിലും നടത്തി വരുന്ന തുല്യതാ കോഴ്സുകളെ സംബന്ധിച്ച് വിശദമാക്കാമോ; 2021, 2022, 2023 വർഷങ്ങളിൽ ഇതിന്റെ പ്രയോജനം നേടിയ ആളുകളുടെ എണ്ണം ജില്ലതിരിച്ച് വിശദമാക്കാമോ; ഇതിൽ ട്രാൻസ്ജെൻഡർ, എസ്.സി., എസ്.ടി., ഭിന്നശേഷിക്കാർ എന്നിവർ എത്ര വീതം ഉണ്ടെന്ന് വിശദമാക്കാമോ? | (എ) | 2006 മുതലാണ് പത്താംതരം തുല്യതാ കോഴ്സിന് തുടക്കം കുറിച്ചത്. കോഴ്സിന്റെ കാലാവധി 10 മാസമാണ്. പത്താംതരം തുല്യതാകോഴ്സിന്റെ 16 ബാച്ചുകൾ പൂർത്തിയായിട്ടുണ്ട്. 17-ാം ബാച്ചിന്റെ (2023-24) ക്ലാസുകൾ നടന്നുവരുന്നു. 18-ാം ബാച്ചിന്റെ (2024-25) രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിവരുന്നു.<br><br>കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി 2015 മുതൽ ഹയർ സെക്കൻഡറി തുല്യതാകോഴ്സ് നടത്തിവരുന്നു. രണ്ട് അധ്യയന വർഷമാണ് ഹയർ സെക്കൻഡറി തുല്യതാകോഴ്സിന്റെ കാലാവധി. ഹ്യുമാനിറ്റിസ്, കൊമേഴ്സ് ഗ്രൂപ്പുകളാണ് നിലവിലുള്ളത്. ടി കോഴ്സിന്റെ 6 ബാച്ചുകൾ പൂർത്തിയായിക്കഴിഞ്ഞു. ഏഴാം ബാച്ചിന്റെ (2022-24) രണ്ടാം വർഷത്തെയും എട്ടാം ബാച്ചിന്റെ (2023-25) ഒന്നാം വർഷത്തെയും ക്ലാസുകൾ നടന്നുവരുന്നു. 2024 ജൂലൈ 5 മുതൽ ടി ബാച്ചിന്റെ പൊതുപരീക്ഷ ആരംഭിക്കും. 9-ാം ബാച്ചിന്റെ (2024-26) രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായി വരുന്നു.<br><br>2021,2022,2023 വർഷങ്ങളിൽ പത്താംതരം ,ഹയർസെക്കണ്ടറി തുല്യതാ കോഴ്സുകളുടെ പ്രയോജനം നേടിയവരുടെ ജില്ല തിരിച്ചുള്ള എണ്ണം , ഇവയുടെ പ്രയോജനം ലഭിച്ച എസ്.സി ,എസ്.ടി ,ഭിന്നശേഷി, ട്രാൻസ്ജൻഡർ എന്നിവയുടെ വിശദാംശങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ